പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 525 6.7.2012 ന് മറുപടിക്ക്

ഗാർഹികത്തൊഴിലാളികളുടെ ക്ഷേമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.സാജു പോൾ | ശ്രീ.ഷിബു ബേബിജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| എ)ഗാർഹിക തൊഴിലാളികളെ ഭൃത്യരായിട്ടല്ലാതെ തൊഴിലാളികളായി കണക്കാക്കണമെന്ന അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി)ഗാർഹിക തൊഴിലാളികൾക്ക് മിനിമം വേതനവും മെച്ചപ്പെട്ട സാഹചര്യവും സജ്ജമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | ബി) 2010 മാർച്ച് 9-ലെ സർക്കാർ ഉത്തരവ് (എം.എസ്)32/2010/തൊഴിൽ പ്രകാരം ഗാർഹിക തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ ഗാർഹിക തൊഴിലാളികളേയും കൂടി ഉൾപ്പെടുത്തി ഗാർഹിക തൊഴിലാളി ക്ഷേമപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കും ആനുകൂല്യങ്ങൾ നൽകുന്നതിനുമായി 26.3.2012 ലെ ഉത്തരവ് പ്രകാരം 50 ലക്ഷം രൂപാ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| സി) പ്രസ്തുത രംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികൾ ഇവരെ ചൂഷണത്തിന് വിധേയരാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പരിഹാര നടപടികളാണ് സർക്കാർ നടപ്പിലാക്കുന്നതെന്നറിയിക്കുമോ? | സി) ഏജൻസികൾ ചൂഷണം ചെയ്യുന്നതായി തൊഴിലാളികളുടെ ഭാഗത്തു നിന്നും പരാതി ലഭിച്ചിട്ടില്ല. എന്നാൽ തൊഴിലുടമകളുടെ ഭാഗത്തു നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. നിലവിൽ ഇത്തരം ഏജൻസികളെ നിയന്ത്രിക്കുന്നതിന് തൊഴിൽ വകുപ്പിൽ നിയമമില്ല. |

സെക്ഷൻ ഓഫീസർ